**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7844 — 23.07.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**സദാചാര പോലീസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സദാചാര പോലീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് വർഗ്ഗീയവിദ്വേഷം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സദാചാരം സംരക്ഷിക്കാനെന്ന വ്യാജേന സാമൂഹ്യ വിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് വർഗ്ഗീയവിദ്വേഷം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സദാചാര പോലീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര പേരെ വീതം എത്ര കേസുകളിലായി അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) സദാചാര പോലീസ് എന്ന പേരിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 33 കേസുകളിലായി 108 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) നിയമം കയ്യിലെടുക്കുന്ന ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) സദാചാരത്തിന്റെ പേരിൽ സാമൂഹ്യ വിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുൻപിൽക്കൊണ്ടുവരുവാനും ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതെ നോക്കുന്നതിനായും വിവിധ സന്നദ്ധസംഘടനകൾ, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ദൃശ്യ – ശ്രവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം പോലീസിനെ നിരീക്ഷണത്തിനായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിന്റെ സഹായം ആവശ്യപ്പെടുവാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. |

(ഡി) ഇത്തരം പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

(ഡി) ഇത്തരം ആളുകൾ ഏതെങ്കിലും തരത്തിൽ അവരുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തികൾ ശ്രദ്ധയിൽ പ്പെട്ടാൽ നിയമം കൈയ്യിൽ എടുത്ത് പ്രസ്തുത ഹീനതാൽപര്യങ്ങൾ സംരക്ഷിക്കാൻ അക്രമ പ്രവർത്തനങ്ങൾ നടത്തുക മാത്രമാണ് ചെയ്തു വരുന്നത്. മത സൗഹൃദ സംസ്ഥാനമായ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക വളർച്ചക്കും സുരക്ഷയ്ക്കും ഭീഷണി ഉയർത്തുന്നവരാണ് ഇവർ. പോലീസിന്റെ അസാന്നിദ്ധ്യത്തിൽ മറ്റുള്ളവരുടെ മേൽ സദാചാര വിരുദ്ധ കുറ്റങ്ങൾ ആരോപിച്ച് നിയമം കൈയ്യിലെടുത്ത് ദേഹോപദ്രവം ഏൽപ്പിക്കുകയും ശിക്ഷ വിധിക്കുകയും ചെയ്യുന്ന ഇത്തരം സാമൂഹ്യ ദ്രോഹികളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതിനെ തിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ